മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 22

## വാർത്താക്കുറിപ്പ്

---

## ഡോ. കെ.കെ. ജോർജ് സ്ഥിതിവിവരക്കണക്കുകളെ ലളിതമായി വിശകലനം ചെയ്ത വിദഗ്ധൻ ഡോ. എം.കെ. സുകുമാരൻനായർ

സ്ഥിതിവിവരക്കണക്കുകളെ ലളിതമായി വിശകലനം ചെയ്തിരുന്ന സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു അടുത്തയിടെ അന്തരിച്ച ഡോ. കെ.കെ. ജോർജ് എന്ന് കൊച്ചി സർവകലാശാലയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. എം.കെ. സുകുമാരൻനായർ. മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡോ. കെ.കെ. ജോർജ് സ്മാരക പ്രഭാഷണ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ ഭാവി വിദ്യാഭ്യാസത്തിന്റെയും നൈപുണ്യ വികസനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കുമെന്ന് ഡോ. ജോർജ് ചൂണ്ടിക്കാട്ടിയിരുന്നതായി അദ്ദേഹം പറഞ്ഞു.

കേന്ദ്ര - സംസ്ഥാന ധനകാര്യ ബന്ധങ്ങളെ കുറിച്ചുള്ള ഡോ. ജോർജിന്റെ പഠനങ്ങൾ അമേരിക്കയിലെ ചില സർവകലാശാലകളിൽ വിശകലന വിഷയമായിട്ടുണ്ടെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത എം.ജി. സർവകലാശാല വൈസ്ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു.

കെ. എൻ. ആർ.എസ്.ഇ ഡയറക്ടർ ഡോ. ജോണി ജോൺസൻ അധ്യക്ഷത വഹിച്ചു.
കേരള ഉന്നത വിദ്യാഭ്യാസ സമിതി സെക്രട്ടറി ഡോ. രാജൻ വർഗീസ്, എം.ജി. സർവകലാശാല ഐ.യു.സി.സി ഡയറക്ടർ ഡോ. സി.എം. സീതി, ഡോ. മാത്യു കുര്യൻ, കെ. കെ.കൃഷ്ണകുമാർ, ഡോ. എം. ജി. അജയ്, ഡോ. ജോർജിന്റെ മകൾ ഡോ. ആൻ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡോ. കെ.കെ. ജോർജ് സ്മാരക പ്രഭാഷണ പരിപാടി വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1353/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇ.പി.എ.ബി.എക്സ് ഓപ്പറേറ്റർ (മെയിന്റനൻസ്) തസ്തികയിലേക്ക് 18000 രൂപ പ്രതിമാസ വേതനത്തിൽ ഒരു വർഷത്തേക്ക് താത്കാലിക/ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സിഗ്നൽ വിഭാഗത്തിൽ ജോലി ചെയ്തതിന്റെ ട്രേഡ് പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റുള്ള വിമുക്ത ഭടന്മാർക്കും സാങ്കേതിത പരിജ്ഞാനമുള്ള വിരമിച്ച ബി.എസ്.എൻ.എൽ. ജീവനക്കാർക്കും അപേക്ഷിക്കാം.

ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഒക്ടോബർ 15 നകം അപേക്ഷ അയയ്ക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2733302, വെബ്സൈറ്റ്: www.mgu.ac.in.

(പി.ആർ.ഒ./39/1354/2022)

## എം.എസ്.സി. സീറ്റ് ഒഴിവ്

സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി വിഭാഗത്തിൽ കണ്ണൂർ ,മഹാത്മാ ഗാന്ധി സർവകലാശാലകൾ സംയുക്തമായി നടത്തുന്ന എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. കെമിസ്ട്രി പ്രോഗ്രാമുകളിലേക്ക് പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ ഓരോ സീറ്റു വീതം ഒഴിവുണ്ട്.
അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ഹാജരാകണം. യോഗ്യത സംബന്ധിച്ച വിവരങ്ങൾ www.mgu.ac.in ൽ ലഭിക്കും. ഫോൺ -9446422080.

(പി.ആർ.ഒ./39/1355/2022)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ പഞ്ചവത്സര എൽ.എൽ.ബി. പ്രോഗ്രാമിൻറെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ ഏഴിനും ഒൻപതാം സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 14 നും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1356/2022)

## എം.ടെക് പരീക്ഷ

ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ എം.ടെക് (2013, 2014 അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 11 വരെയും പിഴയോടു കൂടി ഒക്ടോബർ 12 നും സൂപ്പർഫൈനോടു കൂടി

ഒക്ടോബർ 13 നും അപേക്ഷ നൽകാം. ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1357/2022)

## പരീക്ഷ അപേക്ഷ

ഒക്ടോബർ 25 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എൽ.ഐ.ബി.ഐ.എസ്.സി. (2020 അഡ്മിഷൻ - റഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 10 വരെയും പിഴയോടുകൂടി ഒക്ടോബർ 11 നും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 12 നും അപേക്ഷ നല്കാം. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1358/2022)

## ഫലം പ്രസിദ്ധീകരിച്ചു

എം.എ ഇക്കണോമിക്സ് ഒന്നും രണ്ടും സെമസ്റ്റർ(പ്രൈവറ്റ് പഠനം) സപ്ലിമെന്ററി/ മേഴ്സി ചാൻസ്(മാർച്ച് 2021) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യ നിർണയമോ സൂക്ഷ്മപരിശോധനയോ നടത്തുന്നതിന് 2015 മുതലുള്ള അപേക്ഷകർക്ക് യഥാക്രമം 390 രൂപ, 170 എന്നിങ്ങനെ ഫീസടച്ച് ഒക്ടോബർ ഏഴുവരെ ഓൺലൈനിൽ അപേക്ഷ നൽകാം.
അപേക്ഷ സമർപ്പിക്കുന്നതിന്റെ വിശദാംശങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ സ്റ്റുഡന്റ് പോർട്ടൽ ലിങ്കിൽ ലഭ്യമാണ്.

2015 അഡ്മിഷനു മുൻപുള്ള അപേക്ഷകർ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ പൂരിപ്പിച്ച് യഥാക്രമം 390 രൂപയും 170 രൂപയും ഫീസ് അടച്ച് ഒക്ടോബർ ഏഴിനു മുൻപ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ എത്തിക്കണം. അപേക്ഷാ ഫോറം 35 രൂപയ്ക്ക് സർവകലാശാലയുടെ പരീക്ഷാ സ്റ്റോറിൽനിന്ന് ലഭിക്കും. വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷകൾക്ക് അപേക്ഷാ ഫീസായി 35 രൂപ അടയ്ക്കണം.

(പി.ആർ.ഒ./39/1359/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. - എം.കോം. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻ - മെഴ്സി ചാൻസ്), നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് - എം.എ. മലയാളം (2012 - 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും യഥാക്രമം 390 രൂപയും 170 രൂപയും ഫീസടച്ച് ഒക്ടോബർ ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1360/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ